## പ്രധാനവാർത്തകൾ

1. രണ്ടു ദിവസത്തെ കേരള സന്ദർശനത്തിനായി ഉപരാഷ്ട്രപതി ജഗദീപ് ധൻഖർ ഇന്ന് കൊച്ചിയിലെത്തും; ഗുരുവായൂർ ക്ഷേത്ര ദർശനം നാളെ.

2. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ബ്രസീൽ സന്ദർശനം പുരോഗമിക്കുന്നു; ഇന്ന് പതിനേഴാമത് ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കും.

3. സംസ്ഥാനത്ത് നിപ സമ്പർക്കപ്പട്ടികയിലുള്ളത് 425 പേർ; പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ പ്രതിരോധ നടപടികൾ ശക്തം.

4. കേരളത്തിൽ വരും ദിവസങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്; കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ജാഗ്രതാ നിർദ്ദേശം.

5. ബർമിങ്ങാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്കെതിരെ ഇംഗ്ലണ്ടിൻറെ രണ്ടാം ഇന്നിംഗ്സ് ബാറ്റിംഗ് ഇന്ന് പുനരാരംഭിക്കും.

&&&&&&&&&&&&&&&&

ഉപരാഷ്ട്രപതി

RNU TVPM

രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഇന്ന് കേരളത്തിൽ എത്തും. ഉച്ചകഴിഞ്ഞ് പ്രത്യേക വ്യോമസേന വിമാനത്തിൽ കൊച്ചിയിലെത്തുന്ന അദ്ദേഹം, നാളെ രാവിലെ ഗുരുവായൂർ ക്ഷേത്രത്തിൽ ദർശനം നടത്തും. പിന്നീട്, കൊച്ചിയിലെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിലെ വിദ്യാർത്ഥികളുമായും അധ്യാപകരുമായും ഉപരാഷ്ട്രപതി സംവദിക്കും. ഉപരാഷട്രപതിയുടെ സന്ദർശനത്തോട് അനുബന്ധിച്ച് നാളെ രാവിലെ എട്ടുമുതൽ പത്തുവരെ ഗുരുവായൂർ ക്ഷേത്രത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. ഡ്രോൺ ഉപയോഗങ്ങൾക്കും നിയന്ത്രണമുണ്ട്.

&&&&&&&&&&&&&&&&

RNU TVPM

പ്രധാനമന്ത്രി- ബ്രിക്സ്

അഞ്ച് രാജ്യങ്ങളിലേക്കുള്ള സന്ദർശനത്തിന്റെ നാലാം ഘട്ടത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ബ്രസീലിലെ റിയോ ഡി ജെനിറോയിൽ എത്തി. ഇന്ന് വൈകുന്നേരം പതിനേഴാമത് ബ്രിക്സ് ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും. ഉച്ചകോടിയിൽ, ആഗോള ഭരണ പരിഷ്കരണം, സമാധാനവും സുരക്ഷയും, നിർമിതബുദ്ധിയുടെ ഉത്തരവാദിത്തപരമായ ഉപയോഗം, ആഗോള ആരോഗ്യം, സാമ്പത്തിക കാര്യങ്ങൾ തുടങ്ങിയ പ്രധാന വിഷയങ്ങൾ ചർച്ചയാകും. ശേഷം പ്രധാനമന്ത്രി ബ്രസീലിയൻ തലസ്ഥാനമായ ബ്രസീലിയ സന്ദർശിക്കും. ബ്രസീൽ പ്രസിഡന്റ് ലൂയി ഇനാസിയോ ലുല ഡ സിൽവയുമായി ശ്രീ മോദി കൂടിക്കാഴ്ച നടത്തും. വ്യാപാരം, പ്രതിരോധം, ഊർജ്ജം, ബഹിരാകാശം, സാങ്കേതികവിദ്യ, കൃഷി,

ആരോഗ്യം എന്നീ വിഷയങ്ങളിൽ ഇരു നേതാക്കളും ഉഭയകക്ഷി ചർച്ചകൾ നടത്തും.

&&&&&&&&&&&&&&&&

**വീണാ ജോർജ്ജ് -സന്ദർശനം**

കോട്ടയം മെഡിക്കൽ കോളേജിലുണ്ടായ കെട്ടിട അപകടത്തിൽ മരിച്ച ബിന്ദുവിന്റെ വീട് ആരോഗ്യമന്ത്രി വീണാ ജോർജ് സന്ദർശിച്ചു. കുടുംബാംഗങ്ങളെ മന്ത്രി ആശ്വസിപ്പിച്ചു. സർക്കാർ പൂർണമായും കുടുംബത്തോടൊപ്പമുണ്ടാകുമെന്നും നിയമപരമായ എല്ലാവിധ സഹായങ്ങളും ലഭ്യമാക്കുമെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&

PNUTVPM

**വി ശിവൻകുട്ടി- ആരോഗ്യമന്ത്രി**

ആരോഗ്യമന്ത്രി വീണാ ജോർജിനെ ആക്രമിക്കാനുള്ള ശ്രമം അനുവദിക്കില്ലെന്ന് മന്ത്രി വി ശിവൻകുട്ടി. കഴിഞ്ഞ ദിവസം പത്തനംതിട്ട കുമ്പഴയിലെ മന്ത്രിയുടെ കുടുംബ വീട് ആക്രമിക്കാൻ ശ്രമം നടന്നു. കേരളത്തിന്റെ സമാധാന അന്തരീക്ഷം തകർക്കാനുള്ള ഒരു നീക്കവും സമൂഹം അംഗീകരിക്കില്ലെന്നും മന്ത്രി വി ശിവൻകുട്ടി വാർത്താക്കുറിപ്പിൽ അറിയിച്ചു. അതേസമയം മന്ത്രി വീണാ ജോർജിൻറെ രാജി ആവശ്യപ്പെട്ട് സംസ്ഥാനമെമ്പാടും പ്രതിപക്ഷ പ്രതിഷേധം തുടരുന്നു. ബിജെപി കണ്ണൂർ നോർത്ത് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നാളെ ജില്ലാ ആശുപത്രിയിലേക്ക് മാർച്ച് നടത്തും.

&&&&&&&&&&&&&&&&

നിപ- സംസ്ഥാനം

സംസ്ഥാനത്ത് നിപ സമ്പർക്കപ്പട്ടികയിലുള്ളത് ആകെ 425 പേർ. മലപ്പുറത്ത് 228 പേരും പാലക്കാട് 110 പേരും കോഴിക്കോട് 87 പേരുമാണ് സമ്പർക്കപ്പട്ടികയിലുള്ളത്. മലപ്പുറത്ത് 12 പേരാണ് ചികിത്സയിലുള്ളത്. 5 പേർ ഐസിയു ചികിത്സയിലുണ്ട്. നിപ ഉറവിടം കണ്ടെത്താനുള്ള ആരോഗ്യ വകുപ്പിൻറെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

&&&&&&&&&&&&&&&&

നിപ-കോഴിക്കോട്

നിപ്പ രോഗം സ്ഥിരീകരിച്ചു കോഴിക്കോട് മെഡിക്കൽ കോളെജിൽ ചികിൽസയിലുള്ള പാലക്കാട് സ്വദേശിനിയുടെ ആരോഗ്യ നിലയിൽ മാറ്റമില്ല. തീവ്ര പരിചരണ വിഭാഗത്തിലാണ് അവർ കഴിയുന്നത്. മലപ്പുറത്തെ സ്വകാര്യ ആശുപത്രിയിൽ നിന്നാണ് ഇന്നലെ ഇവരെ കോഴിക്കോട്ടേക്ക് മാറ്റിയത്.

RNU TVPM

&&&&&&&&&&&&&&&&

നിപ പാലക്കാട് (ഇൻട്രോ)

പാലക്കാട് ജില്ലയിൽ നിപ്പ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി ആരോഗ്യ വകുപ്പ്. സർക്കാർ മെഡിക്കൽ കോളേജിൽ 40 ബെഡുകൾ ഉള്ള ഐസോലേഷൻ യൂണിറ്റ് സജ്ജീകരിച്ചു.

വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്....

(വോയിസ്)

&&&&&&&&&&&&&&&&

## സർവ്വകലാശാല സിൻഡിക്കേറ്റ് യോഗം

കേരള സർവ്വകലാശാലയിൽ അടിയന്തര സിൻഡിക്കേറ്റ് യോഗം തുടരുന്നു. രജിസ്ട്രാറെ സസ്പെൻഡ് ചെയ്ത വൈസ് ചാൻസലറുടെ നടപടി യോഗത്തിൽ റിപ്പോർട്ട് ചെയ്തു. വിസി യുടെ തത്കാലിക ചുമതല വഹിക്കുന്ന സിസ തോമസും യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.

&&&&&&&&&&&&&&&&

## മുഹറം

ഇസ്ലാം മത വിശ്വാസികൾ ഇന്ന് മുഹറം മാസത്തിലെ വിശുദ്ധ ദിനം ആചരിക്കുന്നു. മൂസ പ്രവാചകൻ ഫറോവയിൽ നിന്ന് ജനങ്ങളെ രക്ഷപ്പെടുത്തിയ സ്മരണയിൽ സുന്നി വിഭാഗവും കർബല യുദ്ധത്തിൽ ഹുസൈൻ ബിൻ അലി രക്തസാക്ഷിത്വം വരിച്ചതിന്റെ സ്മരണയിൽ ഷിയാ വിഭാഗവും ഈ ദിനം ആചരിക്കുന്നു. മുസ്ലീങ്ങൾ ഇന്ന് പ്രത്യേക പ്രാർത്ഥനകളും ഉപവാസവും അനുഷ്ഠിക്കുന്നു. മുഹറാനുഷ്ഠാന വേളയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി വിശ്വാസികൾക്ക് ആശംസകൾ നേർന്നു.

RNU TVPM

&&&&&&&&&&&&&&&&

## വനിതാ കമ്മീഷൻ അദാലത്ത്

കേരള വനിതാ കമ്മീഷൻ സംഘടിപ്പിക്കുന്ന തിരുവനന്തപുരം ജില്ലാതല അദാലത്ത് നാളെയും മറ്റെന്നാളും നടക്കും. തൈക്കാട് പിഡബ്ല്യുഡി റസ്റ്റ് ഹൗസ് ഹാളിൽ രാവിലെ 10ന് ആരംഭിക്കുന്ന അദാലത്തിന് കേരള വനിതാ കമ്മീഷൻ

ചെയർപേഴ്സണും അംഗങ്ങളും നേതൃത്വം നൽകും. പുതിയ പരാതികളും അദാലത്തിൽ സ്വീകരിക്കും.

&&&&&&&&&&&&&&&&

സമഗ്ര പച്ചക്കറി ഉൽപാദക യജ്ഞം (ഇൻട്രോ)

പച്ചക്കറി ഉൽപാദന വർധനവും സ്വയംപര്യാപ്തതയും ലക്ഷ്യമിട്ട് വിവിധ വകുപ്പുകളുടെയും പൊതുസമൂഹത്തിന്റെയും പങ്കാളിത്തത്തോടെ നടപ്പാക്കുന്ന 'സമഗ്ര പച്ചക്കറി ഉൽപാദന യജ്ഞം' പദ്ധതിക്ക് കോഴിക്കോട് ജില്ലയിലും തുടക്കമായി. മുഖ്യമന്ത്രിയുടെ നൂറുദിന കർമപരിപാടിയിൽ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പാക്കുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു ......

(വോയിസ്)

&&&&&&&&&&&&&&&&

RNU TVPM

മഴ

തെക്കൻ ഗുജറാത്ത് തീരം മുതൽ കർണാടക തീരം വരെ ന്യൂനമർദ്ദ പാത്തി സ്ഥിതി ചെയ്യുന്ന സാഹചര്യത്തിൽകേരളത്തിൽ വരും ദിവസങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. ഈ ജില്ലകളിലെ തീരങ്ങളിൽ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര സ്ഥിതി പഠന ഗവേഷണ കേന്ദ്രം അറിയിച്ചു. അതേസമയം കാസർഗോഡ് ജില്ലയിലെ ഉപ്പള

നദിയിൽ ജലനിരപ്പുയർന്നതിനാൽ നദിക്കരയിൽ താമസിക്കുന്നവർ ജാഗ്രത പുലർത്തണമെന്ന് നിർദ്ദേശമുണ്ട്.

&&&&&&&&&&&&&&&&

ക്രിക്കറ്റ്

ബർമിങ്ങാം ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിന് മുന്നിൽ 608 റൺസിന്റെ കൂറ്റൻ വിജയലക്ഷ്യമുയർത്തി ഇന്ത്യ. ഇന്ത്യ 6 വിക്കറ്റിനു 427 റൺസ് നേടി, രണ്ടാമിന്നിങ്സ് ഡിക്ലയർ ചെയ്തു. നാലാം ദിനമായ ഇന്നലെ, കളിയവസാനിക്കുമ്പോൾ മൂന്ന് വിക്കറ്റ് നഷ്ടത്തിൽ 72 റൺസെന്ന നിലയിലാണ് ഇംഗ്ലണ്ട്. വൈകുന്നേരം 3.30ന് ഇംഗ്ലണ്ടിന്റെ രണ്ടാം ഇന്നിംഗ്സ് ബാറ്റിംഗ് പുനരാരംഭിക്കും.

&&&&&&&&&&&&&&&&

ദലൈലാമ

ടിബറ്റൻ ആത്മീയ നേതാവ് ദലൈലാമയുടെ 90-ാം ജന്മദിനമായ ഇന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി അദ്ദേഹത്തിന് ആശംസകൾ നേർന്നു. 1.4 ശതകോടി ഇന്ത്യക്കാരുടെ പേരിൽ ആശംസകൾ നേരുന്നതായി അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. സ്നേഹം, കാരുണ്യം, ക്ഷമ, ധാർമ്മിക അച്ചടക്കം എന്നിവയുടെ ശാശ്വത പ്രതീകമായാണ് ദലൈലാമയെ ശ്രീ മോദി വിശേഷിപ്പിച്ചത്. ധരംശാലയിൽ നടന്ന ജന്മദിനാഘോഷ ചടങ്ങിൽ കേന്ദ്രമന്ത്രിമാരായ കിരൺ റിജിജു, രാജീവ് രഞ്ജൻ സിംഗ് തുടങ്ങിയവർ പങ്കെടുത്തു.

&&&&&&&&&&&&&&&&

ബസ് അപകടം- നെയ്യാർഡാം

RNU TVPM

തിരുവനന്തപുരം നെയ്യാർഡാമിൽ കെ എസ് ആർ ടി സി ബസുകൾ തമ്മിൽ കൂട്ടിയിടിച്ചു. അപകടത്തിൽ രണ്ട് ബസുകളിലെയും ഡ്രൈവർമാർക്ക് ഉൾപ്പെടെ 11 പേർക്ക് പരിക്കേറ്റു. ഇതിൽ ഗുരുതരമായി പരിക്കേറ്റ ഓർഡിനറി ബസ് ഡ്രൈവറെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. രാവിലെ 8 മണിയോടെയായിരുന്നു അപകടം. കാട്ടാക്കടയിൽ നിന്ന് നെയ്യാർഡാമിലേക്കും അമ്പൂരിയിൽ നിന്ന് തിരുവനന്തപുരത്തേക്കും വന്ന ബസുകൾ കൂട്ടിയിടിക്കുകയായിരുന്നു. പരിക്കേറ്റ മറ്റൊരു ഡ്രൈവറേയും യാത്രക്കാരെയും സമീപത്തെ വിവിധ ആശുപത്രികളിൽ പ്രവേശിപ്പിച്ചു

&&&&&&&&&&&&&&&&

മലപ്പുറം -കടുവ

RNU TVPM

മലപ്പുറം കരുവാരക്കുണ്ടിലെ നരഭോജി കടുവ വനം വകുപ്പ് സ്ഥാപിച്ച കെണിയിൽ കുടുങ്ങി. ജില്ലയുടെ മലയോര ഗ്രാമങ്ങളെ ഭീതിയിലാഴ്ത്തിയ കടുവയെ പിടികൂടാൻ കഴിഞ്ഞ 53 ദിവസമായി വനം വകുപ്പിന്റെ പ്രത്യേക ദൗത്യ സംഘം ക്യാമ്പ് ചെയ്ത് തെരച്ചിൽ നടത്തി വരികയായിരുന്നു. കഴിഞ്ഞ മെയ് മാസം 15 നാണ് ടാപ്പിംഗ് തൊഴിലാളിയായ ഗഫൂറലിയെ കടുവ കൊലപ്പെടുത്തിയത്. പതിമൂന്ന് വയസ്സോളം പ്രായം കണക്കാക്കുന്ന പെൺ കടുവയെ വീണ്ടും വനത്തിൽ തുറന്ന് വിടാൻ അനുവദിക്കില്ലെന്ന നിലപാടിലാണ് നാട്ടുകാർ. തൽക്കാലം നിലമ്പൂർ സൗത്ത് ആർ ആർ ടി പ്രവർത്തിക്കുന്ന അമരമ്പലത്തേക്ക് കടുവയെ മാറ്റുവാനും, തുടർന്ന് ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ഉത്തരവ് പ്രകാരം

തുടർ നടപടികൾ സ്വീകരിക്കാനുമാണ് വനം വകുപ്പ് ഉദ്യോഗസ്ഥരുടെ തീരുമാനം.

&&&&&&&&&&&&&&&&

**കാട്ടുപന്നി ആക്രമണം**

വയനാട്, സുൽത്താൻ ബത്തേരി, ഓടപ്പള്ളത്ത് ഇന്ന് രാവിലെ കാട്ടുപന്നിയുടെ ആക്രമണത്തിൽ മൂന്നുപേർക്ക് പരിക്കേറ്റു. . ഓടപ്പള്ളം പുതുവീട് ഉന്നതിയിലെ സുരേഷ്, സുകുമാരൻ, സമീപവാസിയായ ഓലിക്കൽ ധനൂപ് എന്നിവർക്കാണ് പരിക്കേറ്റത്. ഇവരെ സുൽത്താൻബത്തേരി താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

&&&&&&&&&&&&&&&&

**കോഴിക്കോട്- വാഷിങ് മെഷീനിൽ കുടുങ്ങി**

കോഴിക്കോട് ഒളവണ്ണ ഇരിങ്ങല്ലൂരിൽ, വീട്ടിലെ വാഷിങ് മെഷീനിൽ കുടുങ്ങിയ നാല് വയസ്സുള്ള കുട്ടിയെ രക്ഷപ്പെടുത്തി. മീഞ്ചന്ത നിലയത്തിൽ നിന്നും ഗ്രേഡ് അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ സനലിൻറെ നേതൃത്വത്തിലുള്ള സംഘമാണ് പരിക്കുകളൊന്നുമില്ലാതെ കുട്ടിയെ രക്ഷപ്പെടുത്തിയത്. കുട്ടി കളിക്കുന്നതിനിടയിൽ അബദ്ധത്തിൽ ടോപ് ലോഡർ വാഷിങ് മെഷീനിൽ കുടുങ്ങിയതാണെന്നു വീട്ടുകാർ പറഞ്ഞു.

&&&&&&&&&&&&&&&&

&&&&&&&&&&&

&&&&

RNU TVPM